**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 668** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ഉന്നതി വികസനത്തിനായുള്ള സർക്കാർ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ് ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ ജനസംഖ്യ ജില്ല, താലൂക്ക്, വില്ലേജ്, ഉന്നതി എന്നിവ തിരിച്ച് വിശദാംശം അറിയിക്കാമോ;

**<u>മറുപടി:</u> നിലവിലുള്ള ഔദ്യോഗിക രേഖകൾ പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങളാണ് ലഭ്യമായിട്ടുള്ളത്. ആയത് അനുബന്ധമായി ചേർക്കുന്നു.**

**(ബി)** കേരളത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ ജനസംഖ്യ ജില്ല, താലൂക്ക്, വില്ലേജ്, ഉന്നതി എന്നിവ തിരിച്ച് വിശദാംശം അറിയിക്കാമോ;

**<u>മറുപടി:</u>** പട്ടികജാതി വിഭാഗക്കാരുടെ ജില്ല തിരിച്ചുള്ള ജനസംഖ്യ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

**(സി)** ഉന്നതി വികസനത്തിനായി സർക്കാർ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ഇതിനായി 15ൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്ന പട്ടികജാതി നഗറുകളിൽ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ അംബേദ്കർ ഗ്രാമം പദ്ധതിയിലൂടെയും, പട്ടികവർഗ്ഗ നഗറുകളിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലൂടെയും നടപ്പിലാക്കുന്നു.

മറ്റ് പദ്ധതികളിലെ നിർണ്ണായക വിടവുകൾ നികത്തുന്ന പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് പദ്ധതി മുഖേന അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വീടുകളുടെ വൈദ്യുതീകരണം, ശുചിമുറി നിർമ്മാണം, ഇന്റർനെറ്റ് കണക്ടിവിറ്റി, മാലിന്യസംസ്കരണം തുടങ്ങി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നു.

കൂടാതെ, 5 മുതൽ 15 വരെ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പട്ടികജാതി നഗറുകളിൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി ഐശ്വര്യ ഗ്രാമം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## ST Population in Kerala

| Sl.No | District | Scheduled Tribes |
|---|---|---|
| 1 | Thiruvananthapuram | 17,185 |
| 2 | Kollam | 4,641 |
| 3 | Pathanamthitta | 6,379 |
| 4 | Alappuzha | 3,014 |
| 5 | Kottayam | 16,764 |
| 6 | Idukki | 52,913 |
| 7 | Ernakulam | 8,936 |
| 8 | Thrissur | 5,561 |
| 9 | Palakkad | 46,948 |
| 10 | Malappuram | 14,496 |
| 11 | Kozhikode | 10,627 |
| 12 | Wayanad | 1,53,181 |
| 13 | Kannur | 37,772 |
| 14 | Kasaragod | 47,791 |
| | **State Total** | **4,26,208** |